**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3029** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തന അവലോകനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം സംരക്ഷിക്കുന്നതിനായി രൂപീകരിച്ച വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഫലപ്രദമാണോ എന്നു വിലയിരുത്തുന്നതിനും വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ; | (എ) | വനം വകുപ്പ് നടപ്പാക്കുന്ന പങ്കാളിത്ത വന പരിപാലന പദ്ധതികളുടെ നടത്തിപ്പിനായി വനം ഡിവിഷൻ തലത്തിൽ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത 36 വന വികസന ഏജൻസികൾ (FDAs) രൂപീകരിച്ചിട്ടുണ്ട്. മേൽ വന വികസന ഏജൻസികൾക്കു കീഴിൽ 417 വന സംരക്ഷണ സമിതികളും (VSSs), 213 ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും (EDCs) രജിസ്റ്റർ ചെയ്തു പ്രവർത്തിയ്ക്കുന്നു. വന സംരക്ഷണ സമിതികളുടേയും, ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പദ്ധതി പ്രവർത്തനങ്ങൾ VSS/EDC എക്സിക്യൂട്ടീവ് കമ്മിറ്റികൾ അവയുടെ പ്രവർത്തന നിയമാവലി പ്രകാരം മീറ്റിംഗുകൾ കൂടി അവലോകനം നടത്തുന്നു. വനസംരക്ഷണ സമിതികളുടേയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ ഫലപ്രദമാണോ എന്ന് വിലയിരുത്തുന്നതിനായി ഇന്റേണൽ ആഡിറ്റ് ചെയ്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ആയത് നിശ്ചിത ഇടവേളകളിൽ എഫ്.ഡി.എ / ഡിവിഷൻ തലത്തിൽ അവലോകനം ചെയ്ത് വരികയും ചെയ്യുന്നു. അന്തിമമായി സംസ്ഥാന വന വികസന ഏജൻസി (SFDA) തലത്തിൽ വനവികസന ഏജൻസി (FDA) കളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നുണ്ട്. കൂടാതെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി, സമിതിയുടെ പേരിൽ ഓപ്പറേഷൻ ഫണ്ട്, കോർഫണ്ട് എന്നിവയ്ക്കായി ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതും, പ്രത്യേകം രജിസ്റ്ററുകളിൽ യഥാവിധി എഴുതി സൂക്ഷിച്ചുവരുന്നതും അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാർ മുഖാന്തിരം ഓഡിറ്റ് നടത്തി വരുന്നുമുണ്ട്. |
| (ബി) | വനസംരക്ഷണ സമിതികളിൽ നിന്നും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിൽ നിന്നും 2023 വർഷത്തിൽ സർക്കാരിലേക്ക് ലഭിച്ച തുകയെത്ര; | (ബി) | വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | വരവിന്റെ എത്ര ശതമാനമാണ് ലാഭവിഹിതമായി പ്രസ്തുത കമ്മിറ്റികൾക്ക് ലഭിക്കുന്നത്; ഈ തുക പ്രസ്തുത കമ്മിറ്റികളുടെ അക്കൗണ്ടുകളിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | ഈ സമിതികളുടെ വരവു ചെലവു കണക്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (സി) | VSS / EDCകളുടെ വരവ് - ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനായി, ടി സമിതികളുടെ നിയമാവലി അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങളുടെ പേരിൽ ഓപ്പറേഷൻ ഫണ്ട്, കോർഫണ്ട് എന്നിവക്കായി പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതും, പ്രത്യേകം രജിസ്റ്ററുകളിൽ യഥാവിധി കണക്കുകൾ എഴുതി സൂക്ഷിച്ചു വരികയും ചെയ്യുന്നു. സമിതികളുടെ വരവ് ചെലവ് കണക്കുകൾ FDA തലത്തിൽ അവലോകനം നടത്തി അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാർ മുഖാന്തിരം ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നുണ്ട്.<br><br>സമിതികളുടെ വരവു ചെലവു കണക്കുകളിൽ ക്രമക്കേടുകൾ ഉള്ളതായി മേൽ പരിശോധനകളിൽ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ